ഉത്തരം

(എ) ഇല്ല.

(ബി) ട്രഷറി സ്മാൾ സേവിംഗ്സ് ഫിക്സഡ് ഡിപ്പോസിറ്റ് സർട്ടിഫിക്കറ്റ് പദ്ധതികൾ കഴിയുന്നത്ര തുക നിക്ഷേപിക്കുവാൻ സഹകരണ സംഘങ്ങളുടെ യോഗങ്ങളിൽ സഹകരണവകുപ്പ് ഉദ്യോഗസ്ഥൻമാർ അഭ്യർത്ഥിക്കാറുണ്ട്.

കോഴിക്കോടുള്ള സഹകരണ വകുപ്പിന്റെ പഴയ ഓഫീസ് കെട്ടിടം

104 (945) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സഹകരണ വകുപ്പിന്റെ അധീനതയിലുള്ള പഴയ ഓഫീസ് കെട്ടിടം സംരക്ഷിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടം ഇപ്പോൾ ജീർണ്ണാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ കെട്ടിടം സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട്, സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവന്നിരുന്ന പഴയ കെട്ടിടം പുതുക്കി പണിയുന്നതിന് എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്തു വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോട്ടയം ജില്ലാ സഹകരണബാങ്ക്

105 (946) ശ്രീ. എ. കെ. മണി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലാ സഹകരണ ബാങ്ക് ഏറ്റവും ഒടുവിൽ അംഗീകരിച്ച ബാലൻസ്ഷീറ്റ് അനുസരിച്ച് ലാഭമോ നഷ്ടമോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) നഷ്ടമാണെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ബാങ്കിന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയാണ് ;

(ഡി) ഇത് പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കോട്ടയം ജില്ലാ സഹകരണബാങ്ക് ഏറ്റവും ഒടുവിൽ അംഗീകരിച്ച 1998-99 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം ബാങ്ക് അറ്റലാഭത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത വർഷത്തെ അറ്റലാഭം 18,61,575.30 രൂപയാണ്.

(സി) 31-3-2000-ലെ കണക്കനുസരിച്ച് 2701.49 ലക്ഷം രൂപ കുടിശ്ശികയാണ്.

(ഡി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ബാങ്ക് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ബാങ്ക് ഉദ്യോഗസ്ഥർ കുടിശ്ശികക്കാരെ നേരിൽ കണ്ട് തിരിച്ചടവ് ത്വരിതപ്പെടുത്തുന്നുണ്ട്. ആർബിട്രേഷൻ എക്സിക്യൂഷൻ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് ബാങ്കിനുമാത്രമായി ഒരു അസിസ്റ്റന്റു രജിസ്ട്രാർ (ആർബിട്രേഷൻ) കം സ്പെഷ്യൽ സെയിൽ ഓഫീസറും സ്പെഷ്യൽ ഗ്രേഡ് സീനിയർ ഇൻസ്പെക്ടർ/സ്പെഷ്യൽ സെയിൽ ഓഫീസറും പ്രവർത്തിച്ചുവരുന്നു.

സഹകരണ മേഖലയിലെ ജില്ലാ മൊത്തവ്യാപാര സ്റ്റോറുകൾ

106 (947) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീമതി എൻ. കെ. രാധ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ജില്ലാ മൊത്തവ്യാപാര സ്റ്റോറുകളുടെ പ്രവർത്തനം വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മൊത്ത വ്യാപാര സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം മൊത്തവ്യാപാര സ്റ്റോറുകൾ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മൊത്തവ്യാപാര സ്റ്റോറുകൾക്ക് യഥാവസരം മാർക്കറ്റിന് അനുസരിച്ച് സാധനങ്ങൾ സപ്ലൈചെയ്യാൻ കഴിയുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ സർക്കാർ കൈക്കൊണ്ട നടപടി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 11 ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ പ്രവർത്തിക്കുന്നു. മൊത്തമായി നിത്യോപയോഗ സാധനങ്ങൾ വാങ്ങി പ്രൈമറി സംഘങ്ങളുടെ റീട്ടെയിൽ വിൽപ്പന ശാലകളിലൂടെയും സ്വന്തം സൂപ്പർമാർക്കറ്റുകൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ എന്നിവയിലൂടെയും വിൽപ്പന നടത്തി സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly